DESPATCHED
17/12/21

29/11/2021

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.390(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*3223/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മാർട്ടിൻ എം.ജെ.,
മാണിക്കത്തൊൻ വീട്,
പെരുമറ്റം, ഒക്കൽ പി.ഒ.,
എറണാകുളം-683 550
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സീനിയർ സൂപ്രണ്ട്,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ
2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   ആലുവ, എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.12.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.11.2021, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |

| | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മാർട്ടിൻ എം.ജെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഫയൽ കണ്ടെത്താൻ കഴിയുന്നില്ല എന്ന കാരണം പറഞ്ഞ് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകാതെ പൊതുവായ ഒരു മറുപടി നൽകുകയാണുണ്ടായതെന്നും ടി മറുപടിയിൽ 2003–05 കാലഘട്ടത്തിലെ ഫയൽ ലഭ്യമാണെന്ന് പറയുന്നുണ്ടെങ്കിലും 11.08.2003 ലേയും ആയതിന് ശേഷവുമുളള രേഖകളുടെയും പകർപ്പുകൾ തരാൻ തയ്യാറാകുന്നില്ലെന്നും ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി ജീവനക്കാരുടെ റിട്ടയർമെന്റ്, സ്ഥലമാറ്റം തുടങ്ങിയ കാരണങ്ങളാൽ ഫയൽ കണ്ടെത്താൻ കഴിയുന്നില്ലെന്ന് അറിയിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 25.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് അക്കൗണ്ടന്റ് ജനറലിന്റെ SPL. Cell(HO)II/III/13-3604/2017 എന്ന നമ്പരിൽ 11.08.03 തീയതിയിലെ കത്തിന്റേയും അനുബന്ധ രേഖകളുടേയും പകർപ്പ് നൽകണമെന്നും ടി കത്തിന് എതിർകക്ഷി ആഫീസിൽ നിന്നും അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിലേക്ക് ആഡിറ്റ്

തടസവാദങ്ങൾ പരിഹരിച്ചുകൊണ്ട് നൽകിയ മറുപടിയുടേയും അനുബന്ധ രേഖകളുടേയും പകർപ്പ് നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 22.12.2020 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൽ വിശദപരിശോധന നടത്തിയെന്നും എ.ജി. ഓഡിറ്റ് സംബന്ധിച്ച് ലഭ്യമായതിൽ 2003–05 ഓഡിറ്റ് ഫയലിന് മുൻപുള്ളവ ലഭ്യമായിട്ടില്ലെന്നും നിലവിലുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും 2001–02 കാലയളവിലെ എ.ജി. ഓഡിറ്റുമായി ബന്ധപ്പെട്ടതാണെന്നു കാണുന്നുവെന്നും 2003–05 കാലയളവിലെ ഫയൽ പരിശോധിച്ചതിൽ നിന്നും 30.03.2005 ലെ SPL. Cell(HO)II/III/13-3604/2017 കത്ത് പ്രകാരം ടി ഫയൽ തീർപ്പാക്കിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ടെന്നും ആവശ്യമെങ്കിൽ ടി ഫയൽ പരിശോധനക്കായി നൽകുന്നതാണെന്നുമാണ്. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി ഹർജികക്ഷിയെ അറിയിച്ചത്, ഒന്നാം അപ്പീൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിർദ്ദേശം നൽകി ടി കാര്യാലയത്തിൽ ജീവനക്കാരെ നിയോഗിച്ച് വീണ്ടും പരിശോധന നടത്തുകയുണ്ടായിയെങ്കിലും അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് സംബന്ധിച്ച ഫയൽ ലഭ്യമായില്ലെന്നും ലഭ്യമായ 2005 വർഷത്തെ തൻപതിവേട് പരിശോധിച്ചതിൽ നിന്നും എ/4778/2003 ഫയൽ 04.04.2005 തീയതിയായി കെ.ഡിസ്. ആയി തീർപ്പാക്കിയിട്ടുള്ളതാണെന്നു കാണുന്നുവെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തീർപ്പാക്കിയ ഫയലുകൾ സൂക്ഷിക്കുന്നതിന് റിക്കോർഡ് റൂമോ റിക്കാർഡ് അറ്റൻഡർ തസ്തികയോ നിലവിലില്ല എന്നും അതാത് സെക്ഷൻ ക്ലർക്കുമാർ തന്നെയാണ് തീർപ്പാക്കി ഫയലുകൾ

സൂക്ഷിക്കുന്നതെന്നും അവർ റിട്ടയർ ചെയ്യുകയോ, സ്ഥലം മാറിപ്പോവുകയോ, സീറ്റ് മാറ്റം ഉണ്ടാവുകയോ ചെയ്യുമ്പോൾ നിലനിൽക്കുന്ന ഫയലുകളും രജിസ്റ്ററുകളും രേഖാപരമായി കൈമാറുമെങ്കിലും ഇത്തരം തീർപ്പാക്കിയ ഫയലുകൾ രേഖാമൂലം കൈമാറ്റം ചെയ്യുന്ന സാഹചര്യം ഉണ്ടാകാറില്ല, എന്നതാണ് ഫയൽ കണ്ടെത്തുന്നതിന് ഉണ്ടായിട്ടുളള പ്രധാന തടസ്സമെന്നും 2001-02 എ.ജി. ഓഡിറ്റ് ഫയൽ തീർപ്പാക്കി 15 വർഷത്തിനുളളിലും ശേഷവും നിരവധി തവണ സെക്ഷൻ മാറ്റവും ജീവനക്കാരുടെ സ്ഥലം മാറ്റവും നടന്നിട്ടുളളതാണെന്നും മേപ്പടി രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് നിർവ്വാഹമില്ലെന്നുമാണ്.

3. രണ്ടാം എതിർകക്ഷി 23.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അക്കൗണ്ട് ജനറലിന്റെ 11.08.2003 തീയതിയിലെ എസ്.പി.എൽ. സെൽ (എച്ച്.ക്യു) 11/111)-13-3604/2017 നമ്പർ കത്തും അനുബന്ധ രേഖകളും സംബന്ധിച്ച് നിലവിൽ ലൈവ് അല്ലാത്ത ഫയൽ ആയതിനാൽ ആലുവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പരിശോധന നടത്തുകയും തീർപ്പാക്കിയ ഫയലുകൾ സൂക്ഷിക്കുവാൻ റിക്കാർഡ് സംവിധാനം ടി കാര്യാലയത്തിൽ നിലവിൽ ഇല്ലാത്തതിനാൽ തീർപ്പാക്കിയ ഫയലുകൾ അതാത് സെക്ഷനുകളിൽത്തന്നെ സൂക്ഷിക്കുന്ന രീതി തുടർന്നുവരികയുമാണെന്നും അക്കൗണ്ട് ജനറലിന്റെ ആഡിറ്റ് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ നടത്തിയ പരിശോധനയിൽ ഫയൽ ലഭ്യമാകാതിരുന്നതിനെ തുടർന്ന് പ്രസ്തുത സെക്ഷൻ ക്ലർക്കിന്റേയും മുൻകാലങ്ങളിൽ ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലർക്കിനേയും ബന്ധപ്പെടാവുന്ന ചിലരെയും

ഉൾപ്പെടുത്തി പലതവണ ടി കാര്യാലയത്തിൽതന്നെ പരിശോധന നടത്തി യെങ്കിലും ഫയൽ കണ്ടെത്തുവാൻ സാധിച്ചില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയെങ്കിലും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായിട്ടില്ലെന്നു കാണുന്നു. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ഫയൽ പരിശോധന നടത്തിയെങ്കിലും ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. രണ്ടാം എതിർകക്ഷി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം അംഗീകരിക്കത്തക്കതാണ്. എന്നിരുന്നാലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ടിയാന് പകർപ്പുകൾ ലഭ്യമാക്കുന്നതിനായി മേപ്പടി രേഖകൾ കണ്ടെത്താൻ ഒന്നാം എതിർകക്ഷി ഒരു ശ്രമം കൂടി നടത്തേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp